## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *82 — 06.06.2018-ൽ മറുപടിയ്ക്ക്

## ആദിവാസികൾക്ക് തൊഴിൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ആദിവാസി മേഖലകളിൽ ഇരുന്നൂറ് ദിവസം തൊഴിലുറപ്പുപദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | എ) | ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിലവിലെ നിയമത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽകാർഡ് എടുത്തിട്ടുള്ളതും അവിദഗ്ദ്ധ കായികതൊഴിലെടുക്കുവാൻ തയ്യാറുള്ളതുമായ ഒരു കുടുംബത്തിന് പ്രതിവർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ നൽകുന്നതിനു വേണ്ടിയാണ് നിലവിലെ തൊഴിലുറപ്പ് നിയമം അനുശാസിക്കുന്നത്. ഇതിനുപുറമെ സംസ്ഥാനത്ത് തൊഴിൽ കാർഡ് എടുത്തിട്ടുള്ള എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും കേരള ട്രൈബൽ പ്ലസ് പദ്ധതി പ്രകാരം 100 ദിവസത്തെ തൊഴിൽ ദിനങ്ങൾ കൂടി അധികമായി നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 12.40 കോടി രൂപ എം.ജി.എൻ.ആർ.ഇ.ജി.എ സംസ്ഥാന മിഷന് അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഇവർക്ക് മുടങ്ങാതെ വേതനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | ബി) | ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ടുകൊണ്ട് ആവിഷ്കരിച്ചിട്ടുള്ള തൊഴിലുറപ്പ് പദ്ധതിയിലെ കൂലി യഥാസമയങ്ങളിൽ ലഭ്യമാക്കാത്തതുമൂലം പട്ടികവർഗ്ഗ വിഭാഗങ്ങൾ തൊഴിലുറപ്പ് പദ്ധതിയിലേയ്ക്ക് വരുന്നതിൽ വിമുഖത കാണിക്കുകയും അവർക്ക് തൊഴിൽ ലഭിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥ സംജാതമായിരുന്നു. ഇതു മൂലം പട്ടികവർഗ്ഗ വിഭാഗത്തിന്റെ ശരാശരി തൊഴിൽ ദിനങ്ങൾ വർഷത്തിൽ 54 ദിവസം മാത്രമാണ്.<br><br>പട്ടികവർഗ്ഗ മേഖലയിലെ ഉപജീവനത്തെ ഗുരുതരമായി ബാധിച്ചിട്ടുള്ള ഈ പ്രശ്നത്തിനു അടിയന്തിര പരിഹാരം കണ്ടെത്തുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി മിഷനും, കുടുംബശ്രീ സംസ്ഥാന മിഷനുമായി ചേർന്ന് നടപ്പിലാക്കുന്നതരത്തിൽ തൊഴിലുറപ്പ് പദ്ധതിക്കായി ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്നതിന് തീരുമാനിക്കുകയും ഇതിനായി 11.13 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 2017-18 ൽ അനുവദിച്ചു.<br><br>ഈ തുക താഴെപ്പറയും പ്രകാരം ചെലവഴിക്കുന്നു.<br><br>1. സംസ്ഥാനത്ത് പൈലറ്റ് അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലും വയനാട് ജില്ലയിലും അധിവസിക്കുന്ന പട്ടികവർഗ്ഗ |

കുടുംബങ്ങൾക്ക് ആഴ്ചയിലൊരിക്കൽ വേതനം വിതരണം ചെയ്യുന്ന സംവിധാനം രൂപപ്പെടുത്തിയിട്ടുണ്ട്.

2. ഇതിനാവശ്യമായ കോർപ്പസ് ഫണ്ട് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും സംസ്ഥാന കുടുംബശ്രീ മിഷന് നൽകി.

3. കുടുംബശ്രീ മിഷൻ ഈ കോർപ്പസ് ഫണ്ടിനെ ഒരു റിവോൾവിംഗ് ഫണ്ടായി പ്രയോജനപ്പെടുത്തി തങ്ങളുടെ അയൽക്കൂട്ട സംവിധാനം വഴി തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആഴ്ചയിൽ ഒരിക്കൽ അർഹതപ്പെട്ട വേതനത്തിന്റെ 90% തുക തൊഴിലാളിയുടെ ബാങ്ക് അക്കൗണ്ടിൽ NEFT മുഖേന നൽകുന്നതിന് നടപടി സ്വീകരിക്കും. ഇതിന്റെ മേൽനോട്ടചുമതല കുടുംബശ്രീ എ.ഡി.എസ്/സി.ഡി.എസ്. സംവിധാനങ്ങൾക്ക് നൽകിയിട്ടുണ്ട്.

4. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തങ്ങൾ ചെയ്ത ജോലിയുടെ കൂലി കേന്ദ്ര സർക്കാരിൽ നിന്നും EFMS വഴി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ലഭിക്കുന്ന മുറയ്ക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ റിവോൾവിംഗ് ഫണ്ടിൽ നിന്നും നൽകിയ കൂലി അയൽക്കൂട്ട

| | | | |
|---|---|---|---|
| | | | സംവിധാനത്തിലൂടെ തിരികെ ഈടാക്കി റിവോൾവിംഗ് ഫണ്ടായി നിലനിർത്തുന്നതാണ്. ഇക്കാര്യത്തിൽ എ.ഡി.എസ്/സി.ഡി.എസ്. സംവിധാനങ്ങൾ മേൽനോട്ടം വഹിക്കും. |

സെക്ഷൻ ഓഫീസർ